(സി) ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി നൽകിയ നിർദ്ദേശങ്ങൾ ഏതെല്ലാം തീയതികളിലായിരുന്നു ; നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 27-11-2014-ൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള മൊത്തം നിക്ഷേപം 15941.25 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 5279.49 കോടി രൂപയും, ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 628.49 കോടി രൂപയും, സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 139.24 കോടി രൂപയുമാണ്.

(ബി&സി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം ചെലവായ തുക 560.32 കോടി രൂപയാണ്. നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ 275.80 കോടി രൂപയായിരിക്കും.ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി 29-8-2009 തീയതിയിലെ സർക്കുലർ നമ്പർ 75/09/ധന., 6-1-2012 തീയതിയിലെ സർക്കുലർ നം.3/2012/ധന., 22-2-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2014/ധന., 5-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 385/2014/ധന., 3-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 383/2014/ധന., എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഠിസർവ് ബാങ്കിലെ കണക്കുകൾ

235 (575) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപങ്ങൾ മൊത്തം എത്ര കോടിയായിരുന്നു ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ബി) ബോർഡുകളുടേയും കോർപ്പറേഷനുകളുടേയും നിക്ഷേപങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രഷറിയിലെ മൊത്തം നീക്കിയിരിപ്പ് തുക എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ഇ) 2014 ഒക്ടോബർ മാസത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ട്രഷറി ഓവർഡ്രാഫ്റ്റിലായിരുന്നു. ഏതെല്ലാം ദിവസങ്ങളിൽ എത്ര തുക വീതം ഓവർഡ്രാഫ്റ്റിലായി ; വിശദവിവരം നല്കാമോ ?

ഉത്തരം

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം 19046.20 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 1171.09 കോടി രൂപയാണ്.

(ബി) ബോർഡുകളുടെ നിക്ഷേപം 1163.80 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 208.08 കോടി രൂപയുമാണ്.

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 1720.16 കോടി രൂപയാണ്.

(ഡി) റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് 484.11 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമുണ്ടായിരുന്നു.

(ഇ) 2014 ഒക്ടോബർ മാസത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടില്ല.

ചാത്തന്നൂർ ട്രഷറി കെട്ടിടം

236 (576) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ നിലവിലുള്ള സബ്ട്രഷറി കെട്ടിടം നാഷണൽ ഹൈവേയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റപ്പെട്ടുമെന്നും, ഈ കെട്ടിടം കാലപ്പഴക്കം കൊണ്ടും അസൗകര്യങ്ങൾമൂലവും മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ബോദ്ധ്യമുണ്ടോ ;

(ബി) എങ്കിൽ ചാത്തന്നൂരിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി സൗജന്യമായി ലഭിച്ച ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly